## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2469 — 18.07.2011-ൽ മറുപടിയ്ക്ക്

### ദേശീയ തൊഴിലുറപ്പ് പദ്ധതിക്കുള്ള കേന്ദ്രസഹായം പൂർണ്ണമായും വിനിയോഗിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പാലോട് രവി : | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) | |
| എ. | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര പേർ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര പേർക്ക് തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ; | എ. | സംസ്ഥാനത്തൊട്ടാകെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 29,22,626 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും 29,15,670 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകിയിട്ടുള്ളതുമാകുന്നു. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി. | പ്രസ്തുത പദ്ധതി അനുസരിച്ച് കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ എത്ര ദിവസത്തെ തൊഴിൽ നൽകിയെന്നറിയിക്കുമോ ; | ബി. | 2009-10 സാമ്പത്തിക വർഷത്തിൽ ശരാശരി ഒരു കുടുംബത്തിന് 36 ദിവസവും 2010-11 സാമ്പത്തിക വർഷത്തിൽ 41 ദിവസവും തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. 2009-10-ൽ 3,40,35,275 മനുഷ്യാധ്വാനദിനങ്ങളും 2010-11-ൽ 4,80,34,479 മനുഷ്യാധ്വാന ദിനങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. |
| സി. | ഇതിന് കേന്ദ്രത്തിൽ നിന്ന് എത്ര തുക ലഭിച്ചിട്ടുണ്ട് ; | സി. | 2009-10-ൽ കേന്ദ്രവിഹിതമായി 467.71 കോടി രൂപയും 2010-11-ൽ 704.23 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. |
| ഡി. | നൂറ് ദിവസത്തെ തൊഴിൽ നൽകിയാൽ ഇപ്പോൾ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണമനുസരിച്ച് എന്ത് സഹായം കിട്ടുമായിരുന്നു ; | ഡി. | 2010-11 സാമ്പത്തിക വർഷത്തിൽ 29,22,626 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്രയും കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകുന്നതിനായി 125/- രൂപ ദിവസ വേതന പ്രകാരം ആകെ 3653.28 കോടി രൂപ വേണ്ടിവരുമായിരുന്നുവെന്ന് കണക്കാക്കുന്നു. |
| ഇ. | തൊഴിൽ ദിനം നഷ്ടപ്പെടാതെ പ്രോജക്റ്റുകൾ നൽകി കേന്ദ്രസഹായം പൂർണ്ണമായും വിനിയോഗിക്കുന്ന വിധത്തിൽ പഞ്ചായത്തുകളെ പ്രാപ്തരാക്കാൻ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | ഇ. | തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ചാണ് (demand driven) തൊഴിൽ നൽകി വരുന്നത്. 2010-11 സാമ്പത്തിക വർഷം 11,86,356 കുടുംബങ്ങളാണ് തൊഴിൽ ആവശ്യപ്പെട്ടത്. |

തൊഴിൽ ദിനം നഷ്ടപ്പെടാതെ പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്തുകളെ പ്രാപ്തരാക്കാൻ ചുവടെ പറയുന്ന നടപടികൾ എടുക്കുവാൻ ഉദ്ദേശിക്കുന്നു.

(i). മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്ത് ഭാരവാഹികൾക്കും അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും കില. എസ്.ഐ.ആർ.ഡി., ഇ.റ്റി.സി. എന്നീ സ്ഥാപനങ്ങൾ മുഖേന പരിശീലനം നൽകി വരുന്നു.

(ii). പദ്ധതിയുടെ ഭാഗമായി രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിലാളികൾ കൂടുതലായി തൊഴിൽ ആവശ്യപ്പെടുന്നതിനു വേണ്ടി ഗ്രാമസഭയിലൂടെയും കുടുംബശ്രീ അയൽകൂട്ടങ്ങൾ മുഖേനയും പ്രോത്സാഹനം നൽകുന്നതിനായി പഞ്ചായത്തിനു നിർദ്ദേശം നൽകുകയും വിവര-വിജ്ഞാപന-വ്യാപന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുകയും ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു.

(iii). ഒരു വർഷം ഒരു കോടിയിൽ കൂടുതൽ രൂപ ചെലവഴിക്കപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് നിലവിലുള്ള എഞ്ചിനീയർ/ഓവർസിയർ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർക്കു പുറമേ ദിവസവേതനാടിസ്ഥാനത്തിൽ ഒരു ഓവർസിയർ, ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെ അധികമായി നിയമിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.

(iv). പ്രാദേശിക സവിശേഷതകളും തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ അധ്വാന ശേഷിയും പരിഗണിച്ചുകൊണ്ടുള്ള പ്രത്യേക ഡേറ്റായും ഷെഡ്യൂൾ ഓഫ് റേറ്റും തൊഴിലുറപ്പ് പദ്ധതിയ്ക്കുവേണ്ടി അംഗീകരിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(v). പദ്ധതികൾ മുൻകൂട്ടി ആസൂത്രണം ചെയ്യുന്നതിന് ഉതകുന്ന ദീർഘകാല പരിപ്രേഷ്യ പദ്ധതി എല്ലാ ജില്ലകളുടേതും തയ്യാറാക്കും.

(vi). മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ഭാഗമായി പുതിയ ഇനം പ്രവൃത്തികൾ ഏറ്റെടുക്കുവാനുള്ള അനുവാദം കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാക്കി അതിനനുസൃതമായ കൂടുതൽ പ്രവൃത്തികൾ ഏറ്റെടുക്കുവാൻ പഞ്ചായത്തുകൾക്കു വേണ്ട പിന്തുണ നൽകും.

(vii). പദ്ധതി പ്രവർത്തനം പഞ്ചായത്തു തലത്തിൽ കൂടുതൽ വ്യാപിപ്പിക്കുന്നതിനായി പ്രകൃതി വിഭവ സംരക്ഷണ പ്രവൃത്തികൾ

നിർത്തടാടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാൻ നിർത്തട വികസന മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനും പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും സഹായിക്കുന്ന ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ആവശ്യമായ തുടർ മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിക്കും.

(viii). തൊഴിലുറപ്പ് പദ്ധതി കേന്ദ്രമാക്കി പഞ്ചായത്തുകൾക്ക് ദാരിദ്ര്യ ലഘൂകരണ ഉപ പദ്ധതി തയ്യാറാക്കുവാൻ വേണ്ട പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

(ix). ഇതര വകുപ്പുകളുമായി ചേർന്ന് കൂടുതൽ മേഖലകളിൽ സംയോജിത പ്രോജക്റ്റുകൾ നിർവ്വഹണം നടത്തുന്നതിന്റെ സാധ്യതകൾ പരിശോധിച്ച് അനുസൃതമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(x). സ്ഥായിയായ ആസ്ഥികൾ സൃഷ്ടിക്കുവാൻ ഊന്നൽ നൽകി വലിയ പ്രോജക്റ്റുകൾ ഏറ്റെടുക്കുന്നതിന് പഞ്ചായത്തുകളെ സഹായിക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്.

(signature)

സെക്ഷൻ ഓഫീസർ.